بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khutba Khulasa 19.03.2021 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

***യു.കെ ഇസ്‌ലാമാബാദിലെ മുബാറക്ക് മോസ്കിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം***

## ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ) - ഭാഗം(7)

اَشۡهَدُ اَنۡ لَّا اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَ اَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ۔ اَمَّا بَعۡدُ

فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ۔ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ۔

اَلۡحَمۡدُ لِلّٰہِ رَبِّ الۡعٰلَمِیۡنَ ۙ﴿۱﴾ الرَّحۡمٰنِ الرَّحِیۡمِ ۙ﴿۲﴾ مٰلِكِ یَوۡمِ الدِّیۡنِ ؕ﴿۳﴾ اِیَّاكَ نَعۡبُدُ وَ اِیَّاكَ نَسۡتَعِیۡنُ ؕ﴿۴﴾

اِهۡدِنَا الصِّرَاطَ الۡمُسۡتَقِیۡمَ ۙ﴿۵﴾ صِرَاطَ الَّذِیۡنَ اَنۡعَمۡتَ عَلَیۡهِمۡ ۙ۬ غَیۡرِ الۡمَغۡضُوۡبِ عَلَیۡهِمۡ وَ لَا الضَّآلِّیۡنَ ﴿۷﴾

തശഹ്ഹുദ്, തഅവ്വുദ്, തസ്മിയ, സൂറ ഫാത്തിഹ എന്നിവ ഓതിയ ശേഷം ഹുസൂർ തിരുമസ്സ് (അയ്യദഹുല്ലാഹ്) പറഞ്ഞു, ഹദ്റത്ത് ഉസ്മാൻ(റ)ന്റെ അനുസ്മരണമാണ് നടന്നുവന്നിരുന്നത്. അദ്ദേഹത്തിന്റെ ശഹാദത്തും തുടർന്നുണ്ടായ സംഭവങ്ങളും വിവരിച്ചിരുന്നു. ശഹാദത്തിനു ശേഷമുള്ള ദിവസങ്ങളെ ക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)വും ചുരുങ്ങിയ നിലയിൽ വിവരിച്ചിട്ടുണ്ട്. പറയുന്നു: ഹദ്റത്ത് ഉസ്മാനെ അവർ ശഹീദാക്കിയിരുന്നു. അദ്ദേഹത്തിന്റെ മൃതദേഹം ഖബറടക്കുന്നതിനുപോലും പ്രശ്നമുണ്ടാക്കി. അക്കാരണത്താൽ മൂന്നു നാളുകളോളം അദ്ദേഹത്തെ ഖബറടക്കാനായില്ല. അവസാനം ഒരുകൂട്ടം സ്വഹാബാക്കൾ ധൈര്യം സംഭരിച്ച് രാത്രി നേരം അദ്ദേഹത്തെ ഖബറടക്കി.

ഹദ്റത്ത് അബൂമൂസാ അശ്അരിയിൽ നിന്നും നിവേദനം, തിരുനബി(സ) ഒരു തോട്ടത്തിൽ പ്രവേശിച്ചു. എന്നിട്ട് അതിന്റെ പ്രവേശന കവാടത്തിൽ കാവൽ നില്ക്കാൻ എനിക്ക് നിർദേശം നല്കി. അപ്പോൾ അവിടെ ഒരു വ്യക്തി വരികയും അകത്തേക്ക് കടക്കാൻ അനുമതി തേടുകയും ചെയ്തു. റസൂലുല്ലാഹ്(സ) പറഞ്ഞു, അകത്തേക്ക് കയറ്റി വിടുകയും അദ്ദേഹത്തിന് സ്വർഗ സുവാർത്ത നല്കുകയും ചെയ്യുക. നോക്കുമ്പോൾ അത് അബൂബക്കർ(റ) ആയിരുന്നു. വേറെയും ഒരു വ്യക്തി വന്ന് അനുവാദം ചോദിച്ചു. റസൂലുല്ലാഹ്(സ) അദ്ദേഹത്തെ അകത്തേക്ക് വരാൻ അനുവദിക്കാനും സ്വർഗ സുവാർത്ത നല്കാനും പറഞ്ഞു. നോക്കിയപ്പോൾ അത് ഹദ്റത്ത് ഉമർ(റ) ആയിരുന്നു. വീണ്ടും ഒരു വ്യക്തി വന്ന് കയറാൻ സമ്മതം ആരാഞ്ഞു. അപ്പോൾ റസൂലുല്ലാഹ്(സ) അല്പനേരം മൗനം ദീക്ഷിച്ചുകൊണ്ട് പറഞ്ഞു, അദ്ദേഹത്തെ വരാൻ അനുവദിക്കുകയും സ്വർഗ സുവാർത്ത നല്കുകയും ചെയ്തുകൊള്ളുക. എന്നാൽ അദ്ദേഹം ഒരു വൻ വിപത്തു നേരിടുന്നതാണ്. ഞാൻ നോക്കിയപ്പോൾ അത് ഹദ്റത്ത് ഉസ്മാൻ ബിൻ അഫ്ഫാൻ(റ) ആയിരുന്നു.

ഹദ്റത്ത് അനസിൽ നിന്നും നിവേദനം, നബി കരീം(സ) ഉഹദ് മലയിൽ ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉസ്മാൻ എന്നിവരോടൊപ്പം കയറി. ഉഹദ് പർവ്വതം പ്രകമ്പനം കൊള്ളാൻ തുടങ്ങിയപ്പോൾ തിരുനബി പറഞ്ഞു, ഏ ഉഹദ്! നിശ്ചലമാകുക. നിവേദകൻ പറയുന്നു, റസൂലുല്ലാഹ്(സ) അതിനുമേൽ കാലുയർത്തി ചവിട്ടി എന്നാണ് ഞാൻ കരുതുന്നത്. എന്നിട്ടു പറഞ്ഞു, നിനക്കു മുകളിൽ ഒരു നബിയും ഒരു സിദ്ധീഖും രണ്ടു ശുഹദാക്കളുമാണുള്ളത്. ഹദ്റത്ത് ഇബ്നു ഉമർ വിവരിക്കുന്നു, റസൂലുല്ലാഹ്(സ) ഒരു കലാപത്തെ കുറിച്ച് ഇങ്ങനെ പറഞ്ഞു, ഈ വ്യക്തി ആ കലാപത്തിൽ അക്രമത്തിന് ഇരയായികൊണ്ട് വധിക്കപ്പെടുന്നതാണ്. ഇക്കാര്യം ഹദ്റത്ത് ഉസ്മാനെ ചൂണ്ടിക്കാണിച്ചാണ് പറഞ്ഞത്.

ഒരിക്കൽ ഹദ്റത്ത് അലിയോട് ഹദ്റത്ത് ഉസ്മാനെ കുറിച്ച് താങ്കൾ ഞങ്ങൾക്ക് വല്ലതും പറഞ്ഞു തരികയെന്ന് ആവശ്യപ്പെടുകയുണ്ടായി. അദ്ദേഹം പറഞ്ഞു, അദ്ദേഹം അല്ലാഹുവിന്റെ പക്കലും ദുന്നൂറൈൻ ആയിരുന്നു. ഹദ്റത്ത് അലി പറയുന്നു, ഹദ്റത്ത് ഉസ്മാൻ നമ്മുടെ കൂട്ടത്തിൽ ഏറ്റവുമധികം ബന്ധങ്ങൾ ഊട്ടിയുറപ്പിക്കുന്ന വ്യക്തിയായിരുന്നു. ഹദ്റത്ത് ഉസ്മാന്റെ ശഹാദത്തിനെ കുറിച്ച് വിവരം ലഭിച്ചപ്പോൾ ഹദ്റത്ത് ആയിശ പറഞ്ഞു, അവർ അദ്ദേഹത്തെ വധിച്ചു. എന്നാൽ അദ്ദേഹം അവരിൽ ഏറ്റവുമധികം ബന്ധം നിലനിറുത്തുകയും തഖ്വ (സൂക്ഷ്മത) പാലിക്കുകയും ചെയ്യുന്ന വ്യക്തിയായിരുന്നു. അൽ ഇസ്ത്തീആബിൽ ഒരു നിവേദനം ചേർത്തിട്ടുണ്ട്. റസൂലുല്ലാഹ്(സ) പറഞ്ഞു, ഞാൻ പ്രതാപവാനായ എന്റെ നാഥനോടു പ്രാർഥിച്ചു. എന്റെ ജാമാതാക്കളെയോ ഞാൻ ജാമാതാവായ വ്യക്തികളെയോ നീ നരകത്തിൽ പ്രവേശിപ്പിക്കരുതേ. ഹദ്റത്ത് ഉസ്മാന്റെ രൂപ പ്രകൃതത്തെ കുറിച്ചു വന്നിരിക്കുന്നു, അദ്ദേഹം കുറന്നതോ അധികം പൊക്കമുള്ളതോ ആയ വ്യക്തിയായിരുന്നില്ല. അദ്ദേഹത്തിന്റെ മുഖം സുന്ദരവും ചർമം മൃദുലവും താടി ഇടതൂർന്നതും നീണ്ടതുമായിരുന്നു. അദ്ദേഹത്തിന്റെ നിറം ഗോതമ്പിന്റേതും പേശികൾ ബലവത്തും ചുമലുകൾ വീതിയുള്ളതും തലമുടി തിങ്ങിയതും താടി മഞ്ഞനിറത്തിൽ ഡൈ ചെയ്തതുമായിരുന്നു. അശ്റ മുബശ്ശറയിലും അദ്ദേഹം ഉൾപ്പെട്ടിരുന്നു.

റസൂലുല്ലാഹ്(സ)യുടെ ഹദ്റത്ത് ഉസ്മാനോടൊപ്പം സ്വർഗത്തിൽ സഹവസിക്കുന്നതിനെ കുറിച്ച് വന്നിരിക്കുന്നു. നബി(സ) പറഞ്ഞു, എല്ലാ പ്രവാചകന്മാർക്കും ഒരു സുഹൃത്തുണ്ടാകും എന്റെ സുഹൃത്ത് അതായത് സ്വർഗത്തിലെ കൂട്ടുകാരൻ ഉസ്മാനാണ്. ഹദ്റത്ത് ജാബിർ നിവേദനം ചെയ്യുന്നു, ഒരിക്കൽ റസൂൽ കരീം(സ)യോടൊപ്പം ഞങ്ങൾ വീട്ടിലായിരുന്നു. കൂടെ മുഹാജിരീങ്ങളുടെ ഒരു സംഘവുമുണ്ടായിരുന്നു. അതിൽ അബൂബക്കർ, ഉമർ, ഉസ്മാൻ, അലി, ത്വൽഹ, സുബൈർ, അബ്ദുർ റഹ്മാൻ ബിൻ ഔഫ്, സഅദ് ബിൻ അബീ വഖാസ് എന്നിവരുമുണ്ടായിരുന്നു. റസൂലുല്ലാഹ്(സ) പറഞ്ഞു, എല്ലാവരും തങ്ങളുടെ സമന്മാരോടൊപ്പം നിന്നു. അദ്ദേഹത്തെ ആലിംഗനം ചെയ്തു. എന്നിട്ടു പറഞ്ഞു, അൻത്ത വലിയ്യീ ഫിദ്ദുൻയാ വ വലിയ്യീ ഫിൽ ആഖിറ. അതായത് താങ്കൾ ഈ ലോകത്തും എന്റെ ചങ്ങാതിയാണ്. പരലോകത്തും അതേ.

റസൂലുല്ലാഹ്(സ)യുടെ ജീവിതത്തിൽ തന്നെ മസ്ജിദുന്ന ബവിയുടെ വിപുലീകരണം നടന്നു. അതിൽ ഹദ്റത്ത് ഉസ്മാനും ഭാഗഭാക്കാനുള്ള തൗഫീഖ് ലഭിച്ചു. ഹിജ്റ ഒന്നാം വർഷം റബീയുൽ അവ്വൽ മാസത്തിൽ അതായത് ക്രിസ്തബ്ദം 622 ന്റെ അന്ത്യത്തിലാണ് റസൂലുല്ലാഹ്(സ) തന്റെ തൃക്കരങ്ങളാൽ മസ്ജിദ് നബവിയുടെ അടിസ്ഥാന ശില വച്ചത്. മസ്ദിജുന്നബവിയുടെ പണി പൂർത്തിയായത് ഹിജ്റ ഒന്നാം വർഷം ശവ്വാൽ മാസത്തിൽ അതായത് ക്രിസ്താബ്ദം 623 നായിരുന്നു. റസൂലുല്ലാഹ്(സ)യുടെ കാലഘട്ടത്തിൽ മസ്ജിദുന്നബവിയുടെ ആദ്യ വിപുലീകരണം മുഹർറം ഹിജ്റ ഏഴിന് അതായത് ക്രിസ്താബ്ദം 628 നാണ് നടന്നത്. റസൂലുല്ലാഹ്(സ) ഖൈബർ യുദ്ധത്തിൽ നിന്നും വിജയശ്രീ ലാളിതനായി തിരികെ വന്നപ്പോൾ മസ്ജിദുന്നബവിയുടെ വിപൂലീകരണ നിർമാണ പ്രവർത്തനങ്ങൾക്ക് ആദേശം നല്കി. തെക്കുഭാഗത്ത് ചില സ്വഹാബാക്കളുടെ വീടുകളായിരുന്നു. ആ ഭാഗത്ത് ഒരു അൻസ്വാരി സ്വഹാബിയുടെ വീടുണ്ടായിരുന്നു. അദ്ദേഹത്തിന് സ്വന്തം വീടു നല്കുന്നതിന് ബുദ്ധിമുട്ടായിരുന്നു. ഹദ്റത്ത് ഉസ്മാൻ സ്വന്തം കീശയിൽ നിന്നും പതിനായിരം ദിർഹം നല്കി ആ വീടു വാങ്ങി തിരുനബി(സ)യുടെ സമക്ഷം അർപ്പിച്ചു.

ഹിജ്റ 17 ന് ഹദ്റത്ത് ഉമറിന്റെ കാലഘട്ടത്തിൽ പള്ളിയുടെ രണ്ടാം ഘട്ട വിപുലീകരണം നടന്നു.

ഹിജ്റ 24 ഹദ്റത്ത് ഉസ്മാൻ ഖലീഫയായി തെരഞ്ഞെടുക്കപ്പെട്ടപ്പോൾ ജനങ്ങൾ അദ്ദേഹത്തോട് മസ്ജിദുന്നബവിയുടെ വിപുലീകരണത്തിനായി അഭ്യർഥിച്ചു. അവർ അതിന്റെ മുറ്റം ഇടുങ്ങിയതാണെന്നു പരാതിപ്പെട്ടു. അങ്ങനെ ഹദ്റത്ത് ഉസ്മാൻ സ്വഹാബാക്കളുമായി കൂടിയാലോചിച്ചു. എല്ലാവരും പഴയപള്ളി പൊളിച്ച് തൽസ്ഥാനത്ത് പുതിയപള്ളി നിർമ്മിക്കണമെന്ന് അഭിപ്രായപ്പെട്ടു. ഒരു ദിവസം ഹദ്റത്ത് ഉസ്മാൻ ളുഹർ നമസ്കാരാന്തരം മിമ്പറിൽ കയറി ഖുത്ബ നല്കി പറഞ്ഞു, എല്ലാ സ്തുതികളും അല്ലാഹുവിനാകുന്നു. ഞാൻ ഈ പള്ളി പൊളിച്ച് പുതിയത് പണിയാൻ ആഗ്രഹിക്കുന്നു. ഞാൻ സാക്ഷ്യം വഹിക്കുന്നു, റസൂലുല്ലാഹ്(സ)ന്റെ തിരുമുഖത്ത് നിന്നും പള്ളിയുണ്ടാക്കുന്ന വ്യക്തിക്ക് അല്ലാഹു സ്വർഗത്തിൽ ഒരു വീട് പണിയുമെന്നു പറഞ്ഞത് ഞാൻ കേട്ടിട്ടുണ്ട്. എന്റെ മുമ്പുണ്ടായത് ഹദ്റത്ത് ഉമർ ആയിരുന്നു. അദ്ദേഹത്തിന്റെ കരങ്ങളാൽ മസ്ജിദുന്നബവിയുടെ വിപുലീകരണവും നവീകരണവും നടന്നത് എനിക്ക് ഒരു മാതൃകയാണ്. ഞാൻ പക്വമതികളായ സ്വഹബാക്കളോട് ആലോചിച്ചു. മസ്ജിദുന്നബവിയെ പൊളിച്ചു പണിയണമെന്നാണ് അവരെല്ലാവരും ഏകകണ്ഠേന അഭിപ്രായപ്പെട്ടത്. ചില സ്വഹാബാക്കൾ അക്കാര്യത്തിൽ വ്യാകുലത പ്രകടിപ്പിച്ചു. അവർ പള്ളി പൊളിക്കരുതെന്ന അഭിപ്രായക്കാരായിരുന്നു.

ഹദ്റത്ത് ഉസ്മാൻ ഇക്കാര്യം ജനങ്ങളെ കൊണ്ട് സമ്മതിപ്പിക്കുന്നതിൽ വിജയിച്ചപ്പോൾ ഹിജ്റ 29 റബീഉൽ അവ്വൽ അതായത് ക്രിസ്താബ്ദം 649ന് അതിന്റെ പണി തുടങ്ങി. നവീകരണത്തിനായി വെറും പത്തുമാസമാണെടുത്തത്. അങ്ങനെ ഹിജ്റ 30 മുഹറം ഒന്നിന് മസ്ജിദുന്നബവി പണികഴിക്കപ്പെട്ടു. അദ്ദേഹം സ്വയം പണിക്കു മേൽനോട്ടം വഹിക്കുമായിരുന്നു. പകലുകൾ എപ്പോഴും നോമ്പുനോറ്റിരുന്നു. രാത്രി ഉറക്കം സഹിക്കാതെ വരുമ്പോൾ പള്ളിയിൽ തന്നെ ക്ഷീണം മാറ്റുമായിരുന്നു. ഹദ്റത്ത് ഉസ്മാൻ മസ്ജിദ് നബവിക്ക് തെക്കുഭാഗത്തു ഖിബ്‌ലയുടെ വശത്ത് വിപുലീകരിച്ചു. അതിന്റെ ഖിബ്‌ലയുടെ ചുമർ ഇന്നുള്ളത്ര അദ്ദേഹം വിപുലീകരിച്ചതാണ്. ഹദ്റത്ത് ഉസ്മാന്റെ കാലഘട്ടത്തിൽ വാതിലുകളുടെ എണ്ണം ആറായിരുന്നു. ആദ്യമായിട്ടായിരുന്നു മസ്ജിദുന്നബവിയിലെ കല്ലുകളിൽ കൊത്തുപണി നടന്നതും കെട്ടിടത്തിന് വെള്ളപൂശിയതും. ഹദ്റത്ത് ഖാരിജ ബിൻ സെയ്ദ് നിവേദനം ചെയ്യുന്നു, ഹദ്റത്ത് ഉസ്മാൻ മസ്ജിദുന്നബവിയുടെ കിഴക്കും പടിഞ്ഞാറും ഉള്ള ചുമരുകളിൽ കിളിവാതിലുകൾ വച്ചിരുന്നു. റസൂലുല്ലാഹ്(സ)യുടെ കാലത്ത് ഈന്തപ്പനത്തടികൾ കൊണ്ടുള്ള  തൂണുകളുണ്ടായ അതേ സ്ഥാനത്തു തന്നെ പുതിയ തൂണുകൾ ഉണ്ടാകുന്ന കാര്യത്തിൽ സവിശേഷ ശ്രദ്ധയുണ്ടായി. ഹദ്റത്ത് ഉമർ മിഹ്റാബ് നബവിയിൽ നമസ്കരിക്കുമ്പോഴായിരുന്നു ശഹീദാക്കപ്പെട്ടത്. അത്തരത്തിൽ ഇനി ഒരിക്കലും സംഭവിക്കില്ലെന്ന് ഉറപ്പു വരുത്താനായി സഫ്ഫുകൾക്കു മുൻവശത്തായി ഇമാമിനു നില്ക്കാനായി ഉയർന്ന ഭാഗം നിർമ്മിച്ചു. അതിനോടൊപ്പം മിമ്പറും ഉണ്ടാകും. അത് മണ്ണിഷ്ടികകൾ കൊണ്ട് ഉണ്ടാക്കിയതായിരിക്കും. അതിൽ കിളിവാതിലും ദ്വാരവും ഉണ്ടാകും. മുഖ്തദികൾക്ക് ഇമാമിനെ കാണുവാനാണ് അത്. മസ്ജിദുന്നബവിയിൽ ഉണ്ടാക്കിയ ആദ്യത്തെ സുരക്ഷാ സംവിധാനമായിരുന്നു  അത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവരിക്കുന്നു, ഹദ്റത്ത് ഉസ്മാനെ ഞാൻ ഹദ്റത്ത് സുലൈമാനുമായി താദാത്മ്യപ്പെടുത്തുന്നു.  അദ്ദേഹത്തിനും കെട്ടിടനിർമാണത്തിൽ വലിയ താല്പര്യമുണ്ടായിരുന്നു. പള്ളി വിലപിടിച്ച കല്ലുകൾ പതിച്ചതും വാർത്തതുമാകണമെന്ന് നിർബന്ധമില്ല. ഭൂമി നേടി മസ്ജിദിന്റെ അതിരു നിർണയിക്കപ്പെട്ടാൽ തന്നെ മതി. മഴയിൽ നിന്നും മറ്റും രക്ഷ കിട്ടാനായി വൈക്കോൽ കൊണ്ടോ മറ്റോ മേൽക്കൂരയിട്ടാൽ മതി. അല്ലാഹു പുറംപൂച്ച് ഇഷ്ടപ്പെടുന്നില്ല. റസൂലുല്ലാഹ്(സ)ന്റെ പള്ളി ഈന്തപ്പന ചില്ലകളുടെതായിരുന്നു. അതങ്ങനെ തുടരുകയും ചെയ്തു. പിന്നീട് ഹദ്റത്ത് ഉസ്മാന് കെട്ടിട നിർമാണത്തിൽ താൽപര്യമുള്ളതിനാൽ തന്റെ കാലത്ത് അത് വാർത്തുണ്ടാക്കി. ഹദ്റത്ത് സുലൈമാന്റെയും ഉസ്മാന്റെയും രൂപപ്രകൃതം വളരെ സാമ്യതകളുള്ളതാണ്. അതുകൊണ്ടായിരിക്കും ഇക്കാര്യത്തിൽ അദ്ദേഹത്തിന് താല്പര്യമുണ്ടായിട്ടുണ്ടാകുക എന്ന് എനിക്ക് തോന്നുകയുണ്ടായി.

ഇസ്‌ലാമിന്റെ ആദ്യത്തെ നാവിക വ്യൂഹം ഉണ്ടായത് ഹിജ്റ 28 നാണ്. ഇതും ഹദ്റത്ത് ഉസ്മാന്റെ കാലത്താണുണ്ടായത്. ഹദ്റത്ത് ഉസ്മാന്റെ ഖിലാഫത്ത് കാലത്ത് ആദ്യമായി സമുദ്രയുദ്ധം നടത്തിയ വ്യക്തി അമീർ മുആവിയ  ആണ്. റസൂലുല്ലാഹ്(സ)യോട് സ്വഭാവ ഗുണങ്ങളിൽ ഏറ്റവും കൂടുതൽ സാമ്യമുള്ളത് ഹദ്റത്ത് ഉസ്മാനാണെന്ന് നിവേദനമുണ്ട്. ഹദ്റത്ത് അബ്ദുർറഹ്മാൻ ബിൻ ഉസ്മാൻ നിവേദനം ചെയ്യുന്നു. റസൂലുല്ലാഹ്(സ) തന്റെ മകളുടെ അടുത്ത് വന്നു. അപ്പോൾ അവർ ഹദ്റത്ത് ഉസ്മാന്റെ തലമുടി കഴുകുകയായിരുന്നു. തിരുനബി(സ) പറഞ്ഞു, മകളേ! അബൂ അബ്ദുല്ലാഹ് അഥവാ ഹദ്റത്ത് ഉസ്മാനോട് ഏറ്റവും നല്ല നിലയിൽ പെരുമാറുക. കാരണം എന്റെ സ്വഹാബാക്കളിൽ വച്ച് എന്നോട് ഏറ്റവും കൂടുതൽ സ്വഭാവത്തിൽ സാമ്യതയുള്ള വ്യക്തിയാണ് അ

ദ്ദേഹം. ഹദ്റത്ത് യഹ്യ ബിൻ അബ്ദുർ റഹ്മാൻ ബിൻ ഹാത്വിബ് വിവരിക്കുന്നു, ഞാൻ എന്റെ പിതാവിനോട് ഇപ്രകാരം പറയുന്നതായി കേട്ടു. ഞാൻ റസൂലുല്ലാഹ്(സ)യുടെ സ്വഹാബാക്കളിൽ സംഭാഷണം മുഴുവനായും ഭംഗിയായും പറയുന്ന കാര്യത്തിൽ ഹദ്റത്ത് ഉസ്മാനെക്കാളും ശ്രേഷ്ഠനായി ആരെയും കണ്ടിട്ടില്ല. എന്നാൽ അദ്ദേഹം അമിത ഭാഷണത്തിൽ നിന്നും വിട്ടുനില്ക്കുമായിരുന്നു. ഹദ്റത്ത് അബൂഹുറൈറ നിവേദനം ചെയ്യുന്നു, ഞാൻ ഒരിക്കൽ ഹദ്റത്ത് ഉസ്മാന്റെ ഭാര്യയായ റസൂലുല്ലാഹ്(സ)യുടെ മകളുടെ അടുത്തു വന്നു. അപ്പോൾ അവരുടെ കയ്യിൽ ചീർപ്പുണ്ടായിരുന്നു. അവർ പറഞ്ഞു, ഇപ്പോൾ റസൂലുല്ലാഹ്(സ) എന്റെയടുത്തു വന്നിരുന്നു. അപ്പോൾ ഞാൻ തിരുനബിക്ക് മുടി ചീകി കൊടുത്തു. അപ്പോൾ എന്നോട് ചോദിച്ചു, അബൂ അബ്ദുല്ലാഹ് ഹദ്റത്ത് ഉസ്മാനെ കുറിച്ച് എന്താണ് അഭിപ്രായം? ഞാൻ പറഞ്ഞു, വളരെ നല്ല അഭിപ്രായമാണ്. നീയും അദ്ദേഹത്തോട് ബഹുമാനത്തോടെ പെരുമാറണം. കാരണം എന്റെ സ്വഹാബാക്കളിൽ വച്ച് സ്വഭാവകാര്യത്തിൽ എന്നോട് ഏറ്റവുമധികം സാദൃശ്യമുള്ള വ്യക്തിയാണ് അദ്ദേഹം. ഹദ്റത്ത് ഉസ്മാന്റെ അനുസ്മരണം ഇതോടെ ഇവിടെ അവസാനിപ്പിക്കുകയാണ്.

ഹുസൂർ തിരുമനസ്സ് ഖുത്ബയുടെ അവസാനത്തിൽ മുബശ്ശിർ അഹ്മദ് രിന്ദ് സാഹിബ് മുഅല്ലിം സിൽസില റബ്വ, മുനീർ അഹ്മദ് ഫറഖ് സാഹിബ് മുൻ അമീർ ജമാഅത്ത് ജില്ലാ ഇസ്ലാമാബാദ്, ബ്രിഗേഡിയർ റിട്ടയർഡ് ലത്തീഫ് സാഹിബ്, മുൻ അമീർ ജില്ലാ റാവൽപിണ്ടി, കോനോക്ക് ബേക്ക് ഊമുർ ബേക്കോഫ് ഓഫ് കിർഗിസ്ഥാൻ എന്നിവരുടെ സുസ്മരണ നടത്തുകയും ജനാസ ഗായിബ് നമസ്ക്കരിപ്പിക്കുകയുമുണ്ടായി.

اَلْحَمْدُ لِلّٰہِ نَحْمَدُہٗ وَ نَسْتَعِیْنُہٗ وَ نَسْتَغْفِرُہٗ وَنُؤْمِنُ بِہٖ وَ نَتَوَکَّلُ عَلَیْہِ وَنَعُوْذُ بِاللّٰہِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَیِّئَاتِ اَعْمَالِنَا مَنْ یَّھْدِہِ اللّٰہُ فَلَا مُضِلَّ لَہٗ وَمَنْ یُّضْلِلْہُ فَلَا ھَادِیَ لَہٗ - وَنَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَ نَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ - عِبَادَ اللّٰہِ رَحِمَکُمُ اللّٰہُ اِنَّ اللّٰہَ یَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِیْتَاءِ ذِی الْقُرْبٰی وَ یَنْھٰی عَنِ الْفَحْشَاءِ وَ الْمُنْکَرِ وَ الْبَغْیِ یَعِظُکُمْ لَعَلَّکُمْ تَذَکَّرُوْنَ اُذْکُرُوا اللّٰہَ یَذْکُرْکُمْ وَ ادْعُوْہُ یَسْتَجِبْ لَکُمْ وَلَذِکْرُ اللّٰہِ اَکْبَرُ -

Friday Sermon delivered by **Hadrat Khalifatul Masih Al-khamis** (atba)
at Mubarak Mosque, Islamabad, UK – on 19.03.2021
Malayalam Translation: **P.K.Amnas** For Malayalam Desk, Qadian.
Published By Nazarath Nashr-O-Isha'ath, Sadr Anjuman Ahmadiyya - Qadian, 143516